**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം : T2387** **08.05.2017 ലെ മറുപടിക്ക്**

## ഗ്രന്ഥശാലകളിൽ വൈഫൈ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | പ്രൊഫ. സി. രവീന്ദ്രനാഥ് (ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ ഗ്രന്ഥശാലകളിൽ വൈഫൈ പ്രസരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; | (എ) & (ബി) 06.03.2017 ലെ സർക്കാർ ഉത്തരവ് ജി.ഒ(ആർ.റ്റി) നം.58/2017/ഐറ്റിഡി പ്രകാരം 1000 വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ പൊതു ഇടങ്ങളിൽ സ്ഥാപിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ ജനത്തിരക്കുള്ള ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ പാർക്കുകൾ, ഗ്രന്ഥശാലകൾ, സർക്കാർ സ്ഥാപനങ്ങൾ മുതലായ സ്ഥലങ്ങളിലാണ് വൈ ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുന്നത്. ഓരോ ജില്ലയിലേയും ഹോട്ട് സ്പോർട്ടുകൾ കണ്ടെത്തുന്നത് അതാത് ജില്ലാ കളക്ടർമാരാണ്. |
| (ബി) | എങ്കിൽ ലൈബ്രറി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമീണഗ്രന്ഥശാലകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ; | |
| (സി) | കമ്പ്യൂട്ടർ ഇല്ലാത്തതും എ ഗ്രേഡ് വിഭാഗത്തിൽ ഉൾപ്പെട്ടതുമായ ഗ്രാമീണ ഗ്രന്ഥശാലകളിൽ കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനും വൈഫൈ സംവിധാനമൊരുക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) നിലവിൽ ജില്ലാ വികസന പദ്ധതികളിൽ ഉൾപ്പെടുത്തിയും സംസ്ഥാന സർക്കാരിന്റെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയും തെരഞ്ഞെടുക്കപ്പെടുന്ന ഗ്രന്ഥശാലകൾക്ക് കംപ്യൂട്ടറും ഇന്റർനെറ്റ് സംവിധാനവും ലഭ്യമാക്കുന്നുണ്ടെങ്കിലും, ഫണ്ടിന്റെ അപര്യാപ്തതമൂലം എല്ലാ ഗ്രന്ഥശാലകൾക്കും എത്തിക്കുവാൻ കഴിയുന്നില്ല. |

സെക്ഷൻ ഓഫീസർ